**25.09.2023**

# <u>KGBEU OU ബുള്ളറ്റിൻ 118/2023</u>

സഖാക്കളെ,

## വിഷയം: സംഘടനയുടെ പ്രതിഷേധം പോലീസ് വെരിഫിക്കേഷൻ തുക തിരികെ നൽകി

പുതുതായി ജോയിൻ ചെയ്ത ജീവനക്കാരിൽ നിന്നും പോലീസ് വെരിഫിക്കേഷന്റെ പേരിൽ മാനേജ്മെന്റ് 1500 രൂപ ശമ്പളത്തിൽ നിന്നും കട്ട് ചെയ്തിരുന്നു. ഈ വിവരം അറിഞ്ഞ ഉടൻ തന്നെ സംഘടന അതിശക്തമായ പ്രതിഷേധം രേഖപ്പെടുത്തുകയും കട്ട് ചെയ്ത തുക തിരിച്ചു കൊടുക്കാൻ മാനേജ്മെന്റിനോട് ആവശ്യപ്പെടുകയും ചെയ്ത വിവരം ഓഗസ്റ്റ് 10 ന് 88/2023 ബുള്ളറ്റിൻ വഴി ജീവനക്കാരെ അറിയിച്ചിരുന്നു. ജീവനക്കാരുടെ ശമ്പളത്തിൽ അനധികൃതമായി കൈകടത്താൻ ആരെയും അനുവദിക്കില്ല എന്ന സംഘടനയുടെ ഉറച്ച നിലപാടിൽ, നാം മാനേജ്മെന്റുമായി ചർച്ച നടത്തുകയും, തുടർചർച്ചയിൽ പിടിച്ച തുക തിരിച്ചു നൽകാമെന്ന് ആഗസ്റ്റ് 24 ന് സമ്മതിക്കുകയും ചെയ്ത വിവരം ബുള്ളറ്റിൻ 94/2023 വഴി നാം ജീവനക്കാരെ അറിയിക്കുകയും ചെയ്തിരുന്നു.

എല്ലാ വിഷയത്തിലുമെന്നപോലെ ഈ വിഷയത്തിലും ഇതര സംഘടനകളുടെ നിലപാട് ജീവനക്കാർക്ക് എതിരായിരുന്നു. എന്നാൽ നമ്മുടെ സംഘടനയുടെ ശക്തമായ ഇടപെ ടലിനെത്തുടർന്ന് മാനേജ്മെൻറ് നമുക്ക് തന്ന ഉറപ്പ് ഇന്ന് പാലിച്ചിരിക്കുകയാണ്. അനധികൃത മായി കട്ട് ചെയ്ത തുക മുഴുവൻ ജീവനക്കാരുടെ അക്കൗുകളിലേക്കും തിരികെ credit ചെയ്തിട്ടുണ്ട്.

ജീവനക്കാരുടെ പ്രശ്നങ്ങളിൽ കൃത്യമായി ഇടപെട്ടുകൊണ്ട് അവരുടെ ന്യായമായ അവകാശങ്ങൾ നേടാനും, നേടിയത് നിലനിർത്താനും KGBEU/OU സംഘടനകൾ പുലർത്തുന്ന നിതാന്ത ജാഗ്രതയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമായി ഈ വിഷയത്തെ നമുക്ക് കാണാവുന്നതാണ്.

ജനറൽ സെക്രട്ടറി
KGB എംപ്ലോയീസ് യൂണിയൻ
KGB ഓഫീസേഴ്സ് യൂണിയൻ
(AIRRBEA/BEFI)